കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം

*18 [526] ശ്രീ. സാജു പോൾ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. മത്തായി ചാക്കോ:

,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കുറ്റാന്വേഷണം, ക്രമസമാധാനം എന്നീ രണ്ട് വിഭാഗങ്ങളായി പ്രവർത്തിക്കുന്നതെന്ന് പറയാമോ;

(ബി) ഇതിനായി പോലീസ് സംവിധാനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം വരുത്തിയ മാറ്റം ഫലപ്രദമാണെന്നു കരുതുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ കണക്കിലെടുത്ത് കുറ്റാന്വേഷണ വിഭാഗത്തിനായി പ്രത്യേക പോലീസ് സംവിധാനം ഏർപ്പെടുത്തുവാൻ തയ്യാറാകുമോ;

(ഇ) പോലീസ് സംവിധാനത്തിൽ ഈ സർക്കാർ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി):

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ക്രൈം, ക്രമസമാധാനം എന്നിവ രണ്ടു വിഭാഗങ്ങളിൽ ആക്കുന്നതിന് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരത്തിലെ 17 പോലീസ് സ്റ്റേഷനുകളിൽ 'ലോ ആന്റ് ഓർഡർ' എന്നും 'ക്രൈം ബ്യൂറോ' എന്നും രണ്ട് വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷന്റെ പേരു വിവരം ചുവടെ ചേർക്കുന്നു:

1. കന്റോൺമെന്റ്
2. മ്യൂസിയം
3. പൂജപ്പുര
4. പേരൂർക്കട
5. വട്ടിയൂർക്കാവ്
6. നേമം
7. തമ്പാനൂർ
8. കോവളം
9. തിരുവല്ലം

LIBRARY ARCHIVES Kerala Legislative Assembly

10. ഫോർട്ട്
11. വിഴിഞ്ഞം
12. വഞ്ചിയൂർ
13. പേട്ട
14. മെഡിക്കൽ കോളേജ്
15. തുമ്പ
16. പുന്തുറ
17. വലിയതുറ

(ബി) മേൽപ്പറഞ്ഞ പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാന പരിപാലനത്തിന് പ്രോപ്പർട്ടി കേസുകളെ സംബന്ധിച്ചുള്ള കുറ്റന്വേഷണവും പ്രത്യേകം ചുമതലയുള്ള സബ് ഇൻസ്പെക്ടർമാരുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇതിലേയ്ക്ക് വെവ്വേറെ വാഹനങ്ങളും, ഓഫീസ് റിക്കാർഡുകളും അനുവദിച്ചിട്ടുണ്ട്.

(സി) പരിശോധിച്ചു വരുന്നു.

(ഡി) കുറ്റാന്വേഷണത്തിനായി ക്രൈംബ്രാഞ്ച് വിഭാഗം നിലവിലുണ്ട്.

(ഇ) പോലീസ് സംവിധാനത്തിൽ ഈ സർക്കാർ മാറ്റമൊന്നും വരുത്തിയിട്ടില്ല. എന്നാൽ നിഷ്പക്ഷവും നീതിപൂർവ്വകവുമായ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഡോ. അംബേദ്കറുടെ നാമധേയത്തിൽ പഠന ഗവേഷണ കേന്ദ്രം

*19 [527] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജനമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. അംബേദ്കറുടെ നാമധേയത്തിൽ ഒരു പഠന ഗവേഷണ കേന്ദ്രം ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രത്തിന് എത്ര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(ഡി) കേന്ദ്ര ഗവൺമെന്റ് ഇതിന് സാമ്പത്തിക സഹായം നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കേന്ദ്ര സഹായം അനുവദിച്ചു കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly